വിളകൊംക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി

14 [1938] ശ്രീ. ബി. രാഘവൻ:
,, ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൊംക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എന്തൊക്കെ വിളകൊംക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്; ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായി 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 വിളകൊംക്ക് ഇപ്പോൊം ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഏതെങ്കിലും വിളകൊംക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നകാര്യം ഇപ്പോൊം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) ഈ പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തു പോളിസി എടുത്തിട്ടുള്ള കർഷകർക്ക് വരൊച്ച, വെള്ളപ്പൊക്കം, ഉരുൊപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കാട്ടാനകളുടെ ശല്യം എന്നീ കാരണങ്ങളാൽ വിള നശിച്ചാൽ ഓരോ വിളകൊംക്കും നിശ്ചിത തോതിലുള്ള നഷ്ടപരിഹാരം നൽകുന്നതായിരിക്കും.

(സി) 1993-94, 1994-95 എന്നീ വർഷങ്ങളിലേക്ക് 90 ലക്ഷം രൂപ വീതം സർക്കാരിന്റെ വിഹിതമായി വിള ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചു. പ്രസ്തുത വർഷങ്ങളിൽ ഈ തുകയിൽനിന്നും ഒന്നും ചെലവായിട്ടില്ല. സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 വിളകൊംക്കു ഇൻഷ്വറൻസ് നടപ്പിലാക്കിയതിനെ തുടർന്ന് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൊം ലഭിച്ചുതുടങ്ങിയിട്ടേയുള്ളൂ. ഇതുവരെ നഷ്ടപരിഹാരമായി 79,220 രൂപ ഈ ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

മൈക്രോ ബയോളജിക്കൽ ലബോറട്ടറി

15 [1039] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൊംക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന മൈക്രോ ബയോളജിക്കൽ ലബോറട്ടറിയുടെ പ്രവർത്തനങ്ങൊം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലബോറട്ടറിയിലുള്ള ആധുനിക സംവിധാനങ്ങൊം എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly